# 2

# ക്രിസ്തുവിൽ പുതിയ ആളുകൾ

*"ഒരുത്തൻ ക്രിസ്തുവിൽ ആയാൽ അവൻ പുതിയ സൃഷ്ടിയാകുന്നു. പഴയതു കഴിഞ്ഞു പോയി, ഇതാ അതു പുതിയതായി ത്തീർന്നു" (2 കൊരിന്ത്യർ 5:17).*

പുതുക്കം എല്ലാവർക്കും ഇഷ്ടമാണ്. പുതിയ ശിശു ആയാലും, കാറായാലും, പുതിയ സോക്സ് ആയാലും ആ പുതുമയിൽ നാമെല്ലാം സന്തോഷിക്കുകയും ചെയ്യും.

ഇംഗ്ലീഷ് വാക്കായ "ന്യൂ" എന്നതു ഒറ്റ വാക്കാണ് തർജ്ജിമ ചെയ്തിരിക്കുന്നതു ഗ്രീക്കിലെ രണ്ടു വാക്കുകൾ ആണ്. അതിൽ ഒന്നായ *നിയോസ്,* എന്നതിന്റെ അർത്ഥം "കാലപ്പുതുക്കം എന്നാണ്." ഈ വാക്ക് ഉപയോഗിച്ചു പുതുതായി ജനിച്ച ശിശുവിനെ പറയാം; "അവൻ ഒരു പുതിയ മനുഷ്യക്കുഞ്ഞാണ്." അടുത്ത സമയത്തു പണി പൂർത്തിയാക്കിയതും താമസിച്ചിട്ടില്ലാത്തതുമായ് ഒരു വീടിനു നമുക്ക് ആ വാക്ക് ഉപയോഗിക്കാം. "ഇതു ഒരു പുതിയ വീടാണ്." ശിശുവും വീടും "കാലപ്പുതുക്കത്തിലുള്ളതാണ്" അവയ്ക്കു കാലപ്പഴക്കം ഇല്ല എന്നർത്ഥം.

മറ്റൊരു ഗ്രീക്കുവാക്കായ, *കായിനോസ്,* അടിസ്ഥാനമായി അർത്ഥമാക്കുന്നതു "ഗുണത്തിൽ പുതുമ" എന്നാണ്. അതിനു നമുക്കു പഴയ ഒരു വീട് പുതുക്കിപ്പണിതതു പറയാം. "ഇതൊരു പുതിയ വീടാണ്." ഒരാൾ പഴയ ഒരു കാർ വാങ്ങി അതിന്റെ എഞ്ചിൻ പഴയതു ഫിറ്റ് ചെയ്തു ടയറുകളും പുതിയതിട്ടു, അതിനു പുതിയ പെയിന്റും അടിച്ചപ്പോൾ "അതൊരു പുതിയ കാർ" ആയി. വീടും കാറും "കാലത്തിൽ പുതിയതല്ല," എന്നാൽ അവ "ഗുണത്തിൽ പുതിയതാണ്." അവയ്ക്കു പുതുജീവൻ നല്കി, അവ പുതുക്കിപ്പണിതു.

2 കൊരിന്ത്യർ 5:17 ൽ പൗലോസ് ഉപയോഗിച്ചിരിക്കുന്നതു, രണ്ടാമത്തെ വാക്കായ, *കായിനോസ്* ആണ്. ആ വാചകത്തെ ഇങ്ങനെ

തർജ്ജിമ ചെയ്യാം, "ഒരുത്തൻ ക്രിസ്തുവിൽ ആയാൽ ആ വ്യക്തി – ഗുണത്തിൽ പുതിയ വ്യക്തിയായി; പഴയതു കഴിഞ്ഞു പോയി; ഇതാ, അതു – ഗുണത്തിൽ – സകലവും പുതുതായി." നമുക്കു കാലത്തിൽ വീണ്ടും പുതിയതായി തുടങ്ങാമെന്നല്ല പൗലൊസ് പറയുന്നത് എന്നാൽ ഗുണത്തിൽ പുതുക്കി തീരാമെന്നാണ് നമ്മുടെ ഇഷ്ടപ്രകാരം സമയം പുനരേകീകരിക്കുവാൻ ആവശ്യപ്പെട്ട എലിസബെത്ത് ആക്കേസ് അല്ലെന്ന പോലെയല്ല:

ഓ കാലമേ, നിന്റെ പറക്കലിൽ,
പുറകോട്ട് തിരിഞ്ഞ്, പുറകോട്ട് പറന്നു,
ഒരു രാത്രിയിലേക്കെങ്കിലും എന്നെ
ഒരു കുഞ്ഞാക്കിയാലും!

മറിച്ചു, പൗലോസ് പറഞ്ഞു, "നിങ്ങളുടെ ജീവിതം എങ്ങനെ ആയിരുന്നാലും, അതിനെ പുതുക്കാം. നിങ്ങൾ നഷ്ടപ്പെട്ടവനാണെങ്കിൽ വിജയിക്കാം. നിങ്ങൾ ആത്മീയമായി മരിച്ചവനാണെങ്കിൽ, നിങ്ങൾക്കു ജീവിക്കുവാൻ കഴിയും."

ക്രിസ്തു മുഖാന്തരം പുതുക്കപ്പെട്ട ആളുകളുടെ സംഘമാണ് സഭ. അവർ തങ്ങളുടെ പാപത്തിൽ മരിച്ചവരായിരുന്നു, എങ്കിലും സുവിശേഷത്താൽ ജീവിക്കുന്നവരായിത്തീർന്നു. കൊലൊസ്യയിലെ സഭയോടു പൗലൊസ് പറഞ്ഞു, "അതിക്രമങ്ങളിലും, നിങ്ങളുടെ ജഡത്തിന്റെ അഗ്രചർമ്മത്തിലും മരിച്ചവരായിരുന്ന നിങ്ങളെയും, അവൻ അവനോടുകൂടെ ജീവിപ്പിച്ചു" (കൊലൊസ്യർ 2:13). ക്രിസ്ത്യാനികൾക്കു ക്രിസ്തുവിൽ പുതിയ ജീവൻ നല്കുന്നുണ്ടെങ്കിലും, ആ പുതിയ ജീവൻ പാപത്താൽ നഷ്ടപ്പെടാതിരിക്കുവാൻ അവർ ഉത്സാഹമുള്ളവരാകണം. പൗലോസ് എഫെസ്യരെ പ്രബോധിപ്പിച്ചു, "മുമ്പിലത്തെ നടപ്പു സംബന്ധിച്ചു, വഷളായി പോകുന്ന പഴയ മനുഷ്യനെ ഉപേക്ഷിച്ചു, നിങ്ങളുടെ ഉള്ളിലെ ആത്മാവു സംബന്ധമായി പുതുക്കം പ്രാപിച്ചു ... സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചുകൊൾവിൻ" (എഫെസ്യർ 4:22–24).

ഈ പുതിയ – ഗുണത്തിലുള്ള – ജീവിതത്തെ സംബന്ധിച്ച ശരിയായ ചോദ്യം: "ദൈവം എങ്ങനെ ഇതു തരും?" എന്നതാണ് അല്ലെങ്കിൽ, മറ്റൊരു വിധത്തിൽ ചോദിച്ചാൽ, "നമ്മെ ക്രിസ്തുവിൽ പുതുസൃഷ്ടികളാക്കുവാൻ എന്തു നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്?" ഈ ചോദ്യത്തിനുള്ള ഉത്തരം പൗലോസ് റോമർ 6–ൽ നല്കുന്നുണ്ട്.

അനുസരണമുള്ള വിശ്വാസം ദൈവമുമ്പാകെ ആളുകൾ എങ്ങനെ രക്ഷിക്കപ്പെട്ടു നീതിമാന്മാരാകുന്നു എന്നു പൗലോസ് റോമർ 1–3 ൽ പറയുന്നു. അബ്രഹാമിനെ വിശ്വാസത്താൽ എങ്ങനെ ദൈവമുമ്പാകെ നീതിമാനായി കണ്ടു എന്നു റോമർ 4–ൽ പറയുന്നു. പിന്നെ റോമർ 5–8 വരെ രക്ഷിക്കപ്പെടുമ്പോൾ ലഭിക്കുന്ന അനുഗ്രഹങ്ങളെ നിരത്തുന്നു: നമുക്കു ദൈവത്തോടു കൂടെ സമാധാനം ഉണ്ട് (5); നമ്മുടെ

പാപങ്ങൾ ക്ഷമിക്കപ്പെട്ടു (6); നാം മോശെയുടെ ന്യായപ്രമാണത്തിൻ കീഴിലല്ല, നാം അനുസരണയുള്ള വിശ്വാസത്തിൻ കീഴിലും (7); നമുക്കു ജീവൻ ഉണ്ട് (8).

റോമർ 6 ൽ, പൗലൊസ് ക്രിസ്തു മുഖാന്തരം ലഭിക്കുന്ന പാപത്തിൽ നിന്നുള്ള സ്വാതന്ത്ര്യവും എങ്ങനെ ദൈവം നമ്മെ പുതിയ ആളുകളാക്കുന്നു എന്നും പറയുന്നു. ക്രിസ്തുവിൽ നാം എങ്ങനെ വ്യക്തികൾ ആകുന്നു എന്നറിയുവാൻ റോമർ 6 ലേക്കു നമുക്കു പോകാം. പൗലോസ് അവതരിപ്പിച്ച നടപടി, ഓരോ ഭാഗമായി വിഭജിക്കാവുന്നതാണ് ഒരു ചിത്രശലഭത്തിന്റെ വളർച്ചയിൽ ശാസ്ത്രജ്ഞന്മാർ മൂന്നു ഘട്ടങ്ങൾ കാണുന്നുണ്ട്: മുട്ടയിലാകുന്ന ഒരു ഘട്ടം, അടുത്തതു ലാർവ്വയും മൂന്നാമത്തേത് പ്യൂപ്പയും ആണ്. അതേപോലെ, ക്രിസ്തു മുഖാന്തരം പുതിയസൃഷ്ടികളാകുന്ന നമ്മിലും മൂന്നു ഘട്ടങ്ങൾ ഉണ്ട്. ഇതിൽ ഏതെങ്കിലും ഒരു ഘട്ടം ഒഴിവാക്കിയാൽ, നാം നടപടിയെ ഇല്ലാതാക്കുന്നു. നിങ്ങൾക്കു ക്രിസ്തുവിൽ ഒരു പുതിയ വ്യക്തിയാകാം; എന്നാൽ മുഴുവനായും പുതുക്കം പ്രാപിക്കുവാൻ നിങ്ങൾ ദൈവത്തിന്റെ പുനർനിർമ്മാണ പ്രക്രിയക്കു കീഴ്പ്പെടണം.

ദൈവം എങ്ങനെയാണ് ഒരാളെ പുതുതാക്കി മാറ്റുന്നത്?

### ഘട്ടം ഒന്ന്: വേർപാട്

പുതിയ ജീവിത യാത്രയിലെ ആദ്യത്തെ പടി വേർപാടാണ്. ദൈവത്തിന്റെ ശ്രദ്ധേയമായ നടപടിയിൽ പാപത്തിൽ നിന്നുള്ള വേർപാട് ആവശ്യപ്പെടുന്നുണ്ട്.

പൗലൊസ് എഴുതി, "ആകയാൽ നാം എന്തു പറയേണ്ടു? കൃപ പെരുകേണ്ടതിനു പാപം ചെയ്തു കൊണ്ടിരിക്ക എന്നോ? ഒരു നാളും അരുത്! പാപസംബന്ധമായി മരിച്ചവരായ നാം അതിൽ ജീവിക്കുന്നതു എങ്ങനെ?" (റോമർ 6:1, 2). കഴിഞ്ഞ അദ്ധ്യായത്തിൽ റോമർ 5-ൽ "പാപത്തിൽ മരിച്ചവർ" എന്ന വാക്കുകൾ ശ്രദ്ധിക്കുക. ദൈവകൃപയെ പൗലോസ് ഊന്നിപ്പറയുന്നുണ്ട്. പാപം പെരുകുന്നേടത്തു കൃപ പെരുകണമെന്ന ചിന്തയുണ്ടെന്നു അവർ, കാണിക്കുകയാണ് (വാക്യങ്ങൾ 20, 21). തന്റെ കൃപയിൽ "ദൈവം" "പാപപ്രശ്നത്തെ അതിജീവിക്കയും അതിനാൽ അവൻ എത്ര വലിയവൻ ആണെന്നു തെളിയിക്കയും ചെയ്തു." ഈ സത്യത്തെ ഒരാൾ എളുപ്പത്തിൽ തെറ്റിദ്ധരിച്ചേക്കാം ഉദാഹരണമായി, പറയാം, "ഒരു പക്ഷെ നാം പാപത്തിൽ തന്നെ ജീവിച്ചാലും കൃപ പെരുകും. നമുക്കു വലിയ പാപപ്രശ്നം ഉണ്ടെങ്കിൽ, ദൈവം നമ്മെ രക്ഷിക്കേണ്ടതിനു തന്റെ കൃപ ധാരാളമായി പകരും. തന്റെ ഈ കൃപയാൽ അവൻ എത്ര വലിയവൻ എന്നു സൂചിപ്പിക്കുന്നു." ഈ തെറ്റിദ്ധാരണ മുൻകണ്ടുകൊണ്ടു പൗലോസ് റോമർ 6 ൽ ആദ്യം ഒരു ചോദ്യം ചോദിക്കുന്നു: "ആകയാൽ കൃപ പെരുകേണ്ടതിനു നാം പാപം ചെയ്തു കൊണ്ടിരിക്ക എന്നോ?" അവൻ ഉറപ്പിച്ചു തന്നെ, അതിനു ഉത്തരവും നല്കുന്നു. "ഒരു നാളും അരുത്!" പിന്നെ അവൻ ചോദിച്ചു, "പാപത്തിൽ മരിച്ചവരായ നാം എങ്ങനെ അതിൽ ജീവിക്കും?" മറ്റൊരു വിധത്തിൽ പറഞ്ഞാൽ, "ഒരു ക്രിസ്ത്യാനി പാപ

ത്തിൽ ജീവിക്കുന്നതു ശരിയല്ല, കാരണം അവൻ പാപത്തിൽ മരിച്ചവനാണ്."

ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏല്ക്കുന്നതു നമ്മുടെ പാപത്തിലുള്ള മരണം പൂർണ്ണമാകുന്നില്ല എന്നു പൗലോസ് വ്യക്തമാക്കി. നമ്മുടെ പാപത്തിലുള്ള ആത്മീയ മരണത്തെക്കുറിച്ചു പൗലൊസ് റോമർ 6:4 പറയുന്നു. വിശ്വാസത്താലും,മാനസ്സാന്തരത്താലും, യേശുവിനെ ഏറ്റു പറയുന്നതിനാലും സ്നാനമേല്ക്കുമ്പോൾ പാപസംബന്ധമായി മരിച്ചു, എങ്ങനെയായാലും പാപത്തിൽ നിന്നു വേർപ്പെടുന്നു. ഈ വേദഭാഗത്തു പാപത്തിൽ നിന്നുള്ള ഈ വേർപാട് സംഭവിക്കുന്നതു ദൈവത്തിലും ക്രിസ്തുവിലും ഉള്ള വിശ്വാസത്താലും (പ്രവൃത്തികൾ 15:9), മാനസ്സാന്തരത്താലും (1 തെസ്സലൊനിക്യർ 1:9) യേശുവിനെ ക്രിസ്തുവും കർത്താവുമെന്നു ഏറ്റു പറയുന്നതിനാലും ആണ് (റോമർ 10:10).

ഒരാൾ ക്രിസ്ത്യാനിയായിത്തീരുമ്പോൾ നാലു പ്രധാന മാറ്റങ്ങൾ സംഭവിക്കുന്നതായി ആരംഭ ഉപദേഷ്ടാക്കന്മാർ പറയുകയുണ്ടായി. ആദ്യമാറ്റം, *ഹൃദയത്തിന്റെ മാറ്റമാണ്*, ഹൃദയ ശുദ്ധീകരണമാണ്, ഈ മാറ്റം ക്രിസ്തുവിലുള്ള വിശ്വാസത്താലാണ് സംഭവിക്കുന്നത്. ജാതികളെക്കുറിച്ചു പത്രൊസ് പറഞ്ഞു, "വിശ്വാസത്താൽ അവരുടെ ഹൃദയങ്ങളെ വിശുദ്ധീകരിച്ചതിനാൽ, നമുക്കും അവർക്കും തമ്മിൽ ഒരു വ്യത്യാസവുമില്ല" (പ്രവൃത്തികൾ 15:9). രണ്ടാമത്തെ മാറ്റം *ജീവിതത്തിലുള്ള മാറ്റമാണ്*, പാപപരിശീലനത്തിൽ നിന്നുള്ള തിരിയലാണ്. മാനസ്സാന്തരം ഇഷ്ടത്തെ മാറ്റലാണ്, തല്ഫലമായി ജീവിതത്തിൽ നവീകരണം ഉണ്ടാകുന്നു (പ്രവൃത്തികൾ 11:18). മൂന്നാമത്തെ മാറ്റം, *ആദരിവിന്റെ മാറ്റമാണ്*, ഒരുമയുടെ വിശ്വാസവും ബന്ധവും ഏറ്റു പ്രഖ്യാപിക്കലാണ്. ഈ മാറ്റം വരുന്നതു യേശു ദൈവപുത്രനായ കർത്താവാണെന്നു ഏറ്റു പറയുന്നതിൽ നിന്നുണ്ടാകുന്നതാണ് (റോമർ 10:10). നാലാമത്തെ മാറ്റം, *അവസ്ഥയുടെ മാറ്റമാണ്*, അതായതു ഒരാളെ ക്രിസ്തുവിലാക്കുന്നു. ഈ മാറ്റം സംഭവിക്കുന്നതു സ്നാനപ്പെടുമ്പോഴാണ് (റോമർ 6:3). "പാപത്തിൽ മരിച്ചു" എന്ന പൗലോസിന്റെ പദപ്രയോഗത്തിൽ നാലു മാറ്റങ്ങളിൽ മൂന്നും അന്തർലീനമായിരിക്കുന്നു. നാലാമത്തെ മാറ്റം പ്രത്യേകമായി റോമർ 6:4 ൽ പറഞ്ഞിട്ടുണ്ട്. പൗലോസ് പറഞ്ഞതനുസരിച്ചു പാപത്തിൽ മരിക്കുന്നതു വരെ നാം ആ നാലുമാറ്റങ്ങളിൽ കൂടി കടക്കുന്നില്ല.

പിതാവിന്റേയും, പുത്രന്റേയും, പരിശുദ്ധാത്മാവിന്റേയും നാമത്തിൽ സ്നാനപ്പെട്ടിട്ടു, അവരിൽ ക്രിസ്തുവിലുള്ള പുതിയ ജീവിതം കാണാതിരുന്ന ആളുകളെ നമുക്ക് അറിയാം. അവർ സ്നാനമേറ്റ ശേഷവും അവരുടെ പഴയ പാപജീവിതത്തിൽ തന്നെ ഒരു മാറ്റവുമില്ലാതെ ജീവിക്കുന്നു. അവരുടെ ജീവിതം കണ്ടാൽ, അവർ എന്തുകൊണ്ടു പുതിയ ജീവിതത്തിലേക്കു കടക്കുന്നില്ല എന്നു നാം അതിശയിച്ചേക്കാം പൗലൊസ് ഈ ചോദ്യത്തിനു റോമർ 6 ൽ ഒരു ഉത്തരം എങ്കിലും നല്കുന്നുണ്ട്. അവൻ ചോദിക്കുന്നു, "അവൻ പാപത്തിൽ നിന്നു നിങ്ങളെ വേർപ്പെടുത്തിയോ? ദൈവത്തിന്റെ പുനർനിർമ്മാണ പ്രക്രി

യയിൽ പൂർണ്ണമായി കീഴ്പ്പെട്ടിട്ടുണ്ടോ?" ആ വേർപാടു നടപടി ഏതെങ്കിലും കാരണത്താൽ ഒഴിവാക്കിയാൽ, ഒരാൾക്കു ക്രിസ്തുവിലുള്ള പുതിയ ജീവിതത്തിൽ പ്രവേശിപ്പാൻ സാധ്യമല്ല.

ക്രിസ്തുവിലുള്ള ആത്മാർത്ഥമായ വിശ്വാസത്താലും, പാപത്തിൽ നിന്നു മാനസ്സാന്തരപ്പെട്ടുകൊണ്ടും യേശുവിനെ ക്രിസ്തുവായും കർത്താവായും ഏറ്റു പറഞ്ഞു വേർപാട് ഘട്ടങ്ങളിൽ കൂടെ *നിങ്ങൾ* കടന്നു പോയിട്ടുണ്ടോ?

**ഘട്ടം രണ്ട്: രക്ഷ**

ദൈവത്തിന്റെ ശ്രദ്ധേയമായ നടപടിയിലെ രണ്ടാം ഘട്ടത്തെ നാം രക്ഷാഘട്ടം എന്നു വിളിക്കുന്നു. ഈ ഘട്ടത്തിൽ നാം വാസ്തവത്തിൽ ക്രിസ്തുവിന്റെ ആത്മീയ ശരീരത്തിൽ പ്രവേശിക്കുന്നു. പ്രത്യേകമായി, ഈ ഘട്ടം സ്നാനത്തെ ചുറ്റിപറ്റിയിട്ടുള്ളതാണ്.

പൗലോസ് റോമർ 6:3, 4 ൽ എഴുതി:

> അല്ല, യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിതീർന്ന സ്നാനത്തിൽ അവനോടു കൂടെ കുഴിച്ചിടപ്പെട്ടു. ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതു പോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നേ.

ചുരുങ്ങിയ സ്ഥലത്തു രണ്ടു വാക്യങ്ങളിൽ പുതിയ നിയമത്തിൽ സ്നാനത്തെക്കുറിച്ചു അധികം പറയുന്ന വാക്യങ്ങൾ മറ്റേതുണ്ട്? ഈ രണ്ടു വാക്യങ്ങളിൽ സ്നാനത്തെക്കുറിച്ചുള്ള പ്രധാനപ്പെട്ട നാലു സത്യങ്ങൾ *കാണാം.*

ആദ്യമായി, സ്നാനം ക്രിസ്തുവിനോടു ചേരുവാനാണെന്നു പൗലോസ് പറയുന്നു: "അല്ല, യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനമേറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ ..." (വാക്യം 3). സ്നാനത്തിൽ, സഭയാകുന്ന, ക്രിസ്തുവിന്റെ ആത്മീയ ശരീരത്തിൽ അവന്റെ കൃപയാൽ നാം പ്രവേശിക്കുന്നു. സ്നാനം നമ്മുടെ ക്രിസ്തുവിനോടുള്ള വിശ്വാസ പ്രതികരണമാണ് (ഗലാത്യർ 3:26, 27; 2 തിമൊഥെയോസ് 2:10).

രണ്ടാമതായി, പൗലൊസ് പറയുന്നതു "നാം അവന്റെ [ക്രിസ്തുവിന്റെ] മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏല്ക്കുന്നു" (വാക്യം 3). പുതിയ നിയമ സ്നാനത്തിൽ, നാം ക്രിസ്തുവിന്റെ മരണത്താലുള്ള ആനുകൂല്യങ്ങൾക്കു ഓഹരിക്കാരാകുന്നു. തന്റെ മരണത്തിൽ നിന്നു യേശുവിനു എന്തെല്ലാം നല്കാമോ അതെല്ലാം സ്നാനപ്പെടുമ്പോൾ അവൻ നമുക്കു തരുന്നു.

മൂന്നാമതായി, നാം സ്നാനത്തിൽ അടക്കപ്പെടുന്നു എന്നു പൗലോസ് പറഞ്ഞു: "അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ

സ്നാനപ്പെട്ടവരായ നാം അവനോടു കൂടെ കുഴിച്ചിടപ്പെട്ടു ..." (വാക്യം 4). പുതിയ നിയമ സ്നാനം കുഴിച്ചിടൽ അല്ലെങ്കിൽ അടക്കമാണ്. മിക്ക തർജ്ജിമക്കാരും ഗ്രീക്കുവാക്കായ *ബാപ്റ്റിസോ* തർജ്ജിമ ചെയ്യാതെ, – തർജ്ജിമയിൽ ലിപിയായി എഴുതുകയാണ് ചെയ്തത്. തർജ്ജിമയിൽ, ഗ്രീക്കു വാക്ക് അങ്ങനെ തന്നെ ഇംഗ്ലീഷിൽ ആക്കുകയോ, തർജ്ജിമ യിൽ അതിന്റെ ഇംഗ്ലീഷ് വാക്ക് എഴുതുകയോ ചെയ്തു. ഗ്രീക്കു പണ്ഡി തന്മാർ, *ബാപ്റ്റിസോ* എന്നതിനു കണ്ടെത്തിയ യോജിച്ച വാക്ക് "മുങ്ങൽ" എന്നാണ്. *ബാപ്റ്റിസോ* എന്നതിന്റെ നിർവചനം (കൊലൊ സ്യർ 2:12 ൽ) പൗലൊസ് പറഞ്ഞ വാക്ക് ഉറപ്പിക്കയാണ് ചെയ്യുന്നത്. അതുകൊണ്ടു പുതിയ നിയമസ്നാനം കുഴിച്ചിടൽ അല്ലെങ്കിൽ അട ക്കമാണ്.

നാലാമതു, നമ്മുടെ പാപത്തിലുള്ള ആത്മീയമരണത്തോടുകൂടി യാണ് സ്നാനം ഏല്ക്കുന്നത്. "അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിട പ്പെട്ടു. ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റ തുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നേ" (വാക്യം 4). പാപത്തിലുള്ള നമ്മുടെ മരണം മുഴുവൻ ആകുന്നതു സ്നാനപ്പെടുമ്പോഴാണ്. വിശ്വാസം, മാനസ്സാന്തരം, യേശുവിനെ ഏറ്റു പറച്ചിലും, സ്നാനവും മുഖാന്തരം "നാം ഇനി പാപത്തിനു അടിമപ്പെ ടാതവണ്ണം പാപശരീരത്തിനു നീക്കം വരേണ്ടതിനു നമ്മുടെ പഴയമനു ഷ്യൻ അവനോടു കൂടെ ക്രൂശിക്കപ്പെട്ടു എന്നു നാം അറിയുന്നു. അങ്ങനെ മരിച്ചവൻ പാപത്തിൽ നിന്നു മോചനം പ്രാപിച്ചിരിക്കുന്നു" (റോമർ 6:6, 7).

യോഹന്നാനാൽ യേശു സ്നാനപ്പെട്ട സംഭവം യേശുക്രിസ്തു വിന്റെ ജീവിതത്തിലെ നിർണ്ണായകമായ ഒന്നായിരുന്നു. സ്നാനത്തെ ത്തുടർന്നായിരുന്നു അവന്റെ പരീക്ഷണങ്ങളും അവന്റെ ഭൗമിക ശുശ്രൂ ഷയും. യേശു യോഹന്നാനാൽ സ്നാനം ഏല്ക്കുവാനായി യോർദ്ദാൻ നദിക്കരികിലേക്കു ചെന്നു; യോഹന്നാൻ അവനെ സ്നാനം കഴിപ്പി ക്കുവാൻ മടിച്ചുകൊണ്ടു പറഞ്ഞു, "എനിക്കു നിന്നാൽ സ്നാനം ഏല്ക്കുവാൻ ആവശ്യം" (മത്തായി 3:14) യേശു പറഞ്ഞു, "ഇപ്പോൾ സമ്മതിക്ക; അങ്ങനെ സകല നീതിയും നിവർത്തിയാകേണ്ടതാകുന്നു" (മത്തായി 3:15). യേശു സ്നാനമേറ്റു വെള്ളത്തിൽ നിന്നു കയറിയ പ്പോൾ രണ്ടു പ്രധാന കാര്യങ്ങൾ സംഭവിച്ചു. ആദ്യമായി അവന്റെ പിതാവു അവനെ "ഇവൻ എന്റെ പ്രിയപുത്രൻ, ഇവങ്കൽ ഞാൻ പ്രസാ ദിച്ചിരിക്കുന്നു എന്നു പറഞ്ഞു" (മത്തായി 3:17); പിന്നെ പരി ശുദ്ധാത്മാവു പ്രാവെന്ന പോലെ അവനിൽ ഇറങ്ങി വന്നു (മത്തായി 3:16). പരിശുദ്ധാത്മാവു പ്രാവെന്ന പോലെ ഇറങ്ങി വന്നവൻ ദൈവപു ത്രൻ ആയിരുന്നു എന്നു യോഹന്നാനോടു പറഞ്ഞു (യോഹന്നാൻ 1:33). യേശുവിന്റെ സ്നാനശേഷം, അതുകൊണ്ട്,യോഹന്നാൻ യേശുവിന്റെ ദൈവികത്വത്തെ സാക്ഷീകരിക്കയുണ്ടായി (യോഹ ന്നാൻ 1:29). യേശുവിന്റെ സ്നാനം അവന്റെ ശുശ്രൂഷയുടെ ആരംഭം ആയിരുന്നു.

യേശുവിന്റെ സ്നാനത്തിലെ പ്രാധാന്യം നമ്മുടെ സ്നാനത്തിന്റെ പ്രത്യേകത ഓർമ്മിപ്പിക്കുന്നു. പൗലൊസ് പറയുന്നതനുസരിച്ചു നമ്മുടെ സ്നാനം എത്ര നിർണ്ണായകമാണെന്നു, പരിഗണിക്കുക. സ്നാനത്തിൽ നാം അവനോടു, അവന്റെ ശരീരത്തോടു ഏകീഭവിക്കുവാൻ ക്രിസ്തുവിനോടു ചേരുന്നു എന്നാണ് പൗലൊസ് പറഞ്ഞതു. നമ്മുടെ പാപത്തിൽ നാം ആത്മീയമായി മരിച്ചുകൊണ്ടാണ് സ്നാനം ഏല്ക്കുന്നത്, അങ്ങനെ നമ്മുടെ പാപത്തിൽ നിന്നു വേർപിരിഞ്ഞു എഴുന്നേറ്റു ജീവന്റെ പുതുക്കത്തിൽ നടക്കുന്നു.

ദൈവത്തിന്റെ പുനർനിർമ്മാണ പ്രക്രിയയിൽ കൂടെ *നിങ്ങൾ* കടന്നു പോയിട്ടുണ്ടോ? പാപസംബന്ധമായി ആത്മീയമായി മരിച്ചു അവനോടു കൂടെ അടക്കപ്പെട്ടു അവനോടു ചേരുവാൻ *നിങ്ങൾ* സ്നാനം ഏറ്റിട്ടുണ്ടോ?

### ഘട്ടം മൂന്ന്: അതിൽ തന്നെ ആയിരിക്കുക

ദൈവത്തിന്റെ നിർണ്ണായകമായ പുനർനിർമ്മാണ പ്രക്രിയയിൽ മൂന്നാമത്തെ ഘട്ടത്തെ അതിൽ - തന്നെ - ആയിരിക്കുന്ന ഘട്ടം എന്നു നമുക്കു പറയാം. ഒരിക്കൽ നമ്മെ പുനർനിർമ്മിച്ചാൽ നാം പുനർനിർമ്മിച്ച അവസ്ഥയിൽ തന്നെ ആയിരിക്കണം. ദൈവത്തിനു നമ്മിൽ പുതുജീവൻ നല്കുവാൻ കഴിയും, എന്നാൽ നാം അങ്ങനെ ജീവിക്കണം അവന്നു നമ്മെ എസ് ആന്റ് എൻ റോഡിൽ ആക്കുവാൻ കഴിയും - അതു നേരെയുള്ളതും ഇടുങ്ങിയതുമാണ്, പക്ഷെ നാം അതിൽ തന്നെ ആയിരിക്കണം.

ക്രിസ്തുവിലുള്ള നമ്മുടെ പുതിയ ജീവിത സ്വഭാവത്തിൽ ചുരുങ്ങിയതു നാലെണ്ണം പൗലൊസ് റോമർ 6 ന്റെ ശേഷിച്ച ഭാഗങ്ങളിൽ പറയുന്നുണ്ട്. പുതിയ ജീവന്റെ സ്വഭാവം നാം ഓരോ ദിവസവും സൂക്ഷിക്കണം.

ഒന്നാമതു പൗലൊസ് പറയുന്നു, നമുക്കു ഒരു പുതിയ സ്വാതന്ത്ര്യം ഉണ്ട് - നാം പാപത്തിൽ നിന്നു സ്വാതന്ത്ര്യം പ്രാപിച്ചു. “പാപസംബന്ധമായി മരിച്ചവൻ പാപത്തിൽനിന്നു മോചനം പ്രാപിച്ചിരിക്കുന്നു” (റോമർ 6:7). സ്വാതന്ത്ര്യം ഒരു ജനനരൂപത്തിൽ ആരംഭിക്കുന്നതും അതു പ്രത്യേക സന്ദർഭത്തിൽ അർത്ഥവത്തുമാണ്. ആരെങ്കിലും “ഞാൻ സ്വതന്ത്രൻ ആകുവാൻ ആഗ്രഹിക്കുന്നു,” എന്നു പറഞ്ഞാൽ, ഞാൻ ചോദിക്കും, “എന്തിൽ നിന്നു സ്വതന്ത്രനാകാൻ?” എന്ന്. ഒരാൾക്കു വെറുതെ സ്വതന്ത്രനാകുവാൻ സാധ്യമല്ല. അയാൾ പ്രവൃത്തിയിൽ നിന്നു സ്വതന്ത്രനാകുവാനാണോ ആഗ്രഹിക്കുന്നത്? നിയമങ്ങളിൽ നിന്നാണോ? ഉറക്കത്തിൽ നിന്നു സ്വതന്ത്രനാകുവാനോ? എന്തിലെങ്കിൽ *നിന്നും* ഒരാൾ സ്വതന്ത്രനാകണം. “സ്വാതന്ത്ര്യം,” “സ്വതന്ത്രരായി,” “സ്വതന്ത്രരാകുക” എന്നീ വാക്കുകൾ പൗലൊസ് റോമർ 6 ന്റെ പശ്ചാത്തലത്തിൽ പറയുമ്പോൾ, പാപത്തിൽ നിന്നു സ്വാതന്ത്ര്യം പ്രാപിക്കുന്നതു ക്രിസ്തുവിൽ ആണെന്നു വ്യക്തമാക്കുന്നു - പാപത്തിന്റെ കുറ്റത്തിൽ നിന്നാണ് (റോമർ 3:24; 6:3); പാപത്തിന്റെ പിടിയിൽ നിന്നു

സ്വതന്ത്രനായി (റോമർ 6:17); അതിന്റെ ശിക്ഷയിൽ നിന്നു സ്വാതന്ത്ര്യം നേടി (റോമർ 6:21).

രണ്ടാമതു, പൗലോസ് പറയുന്നതു പുതിയ ജീവൻ പുതിയ കൂട്ടായ്മയിലേക്കു കടന്നിരിക്കുന്നു – നമുക്കു ദൈവത്തോടു കൂട്ടായ്മ ലഭിച്ചിരിക്കുന്നു. “അവ്വണ്ണം നിങ്ങളും പാപസംബന്ധമായി മരിച്ചവർ എന്നും ക്രിസ്തുയേശുവിൽ ദൈവത്തിനു ജീവിക്കുന്നവർ എന്നും നിങ്ങൾ തന്നെ എണ്ണുവിൻ” (റോമർ 6:11). ഈ വാക്യത്തിൽ രണ്ടു വ്യത്യാസങ്ങൾ കാണാം; ഒന്നു അന്തർലീനവും, മറ്റൊന്ന്, പ്രകടമാക്കിയതുമാണ്. അന്തർലീനമാക്കിയ സത്യം പറയുന്നതു നിങ്ങൾ ക്രിസ്ത്യാനിയാകുന്നതിനു മുൻപു ദൈവത്തോടു മരിച്ചവനും പാപത്തോടു ജീവിക്കുന്നവനുമായിരുന്നു. പ്രകടമാക്കിയ സത്യം പറയുന്നതു, നിങ്ങൾ ദൈവത്തോടുള്ള ഒരു പുതിയ ബന്ധത്തിലാകുന്നു കടക്കുന്നതു. ഇപ്പോൾ പ്രാർത്ഥിക്കുവാൻ ഒരു പിതാവും മുഖാന്തരമായി ഒരു രക്ഷകനുമുണ്ട്. ദൈവം തരുന്ന ആത്മീയജീവിതം, വാഗ്ദാനങ്ങൾ, അനുഗ്രഹങ്ങൾ, കൂട്ടായ്മ, എന്നിവ ദൈവത്തോടു ജീവിക്കുന്ന രീതിയിലേക്കു ഉയരുന്നു.

മൂന്നാമതു, ക്രിസ്തുവിലുള്ള പുതിയ ജീവിതം പുതിയ ഫലത്താൽ വ്യക്തമാക്കപ്പെട്ടു.

> നിങ്ങൾക്കു അന്നു എന്തോരു [ഫലം] ഉണ്ടായിരുന്നു? ഇപ്പോൾ നിങ്ങൾക്കു ലജ്ജ തോന്നുന്നതു തന്നെ അതിന്റെ അവസാനം മരണമല്ലൊ എന്നാൽ ഇപ്പോൾ പാപത്തിൽ നിന്നു സ്വാതന്ത്ര്യം പ്രാപിച്ചു ദൈവത്തിനു ദാസന്മാരാകയാൽ നിങ്ങൾക്കു ലഭിക്കുന്ന [ഫലം] വിശുദ്ധീകരണവും അതിന്റെ അന്തം നിത്യജീവനും ആകുന്നു (റോമർ 6:21, 22).

അ – ക്രൈസ്തവൻ ഫലം പുറപ്പെടുവിക്കുന്നുണ്ട്, പക്ഷെ അവ നീണ്ടു നില്ക്കുകയില്ല, ഉപകാരപ്രദമായ ഫലമാണ് – “പക്ഷെ അതിന്റെ അവസാനം മരണമത്രെ.” ക്രിസ്ത്യാനിയുടെ ജീവിതകാലം ഭംഗുരമാണെങ്കിലും ഫലം നീണ്ടു നില്ക്കുന്നതാണ്. ക്രിസ്ത്യാനി ആത്മീയഫലം പുറപ്പെടുവിക്കയും അവ നിത്യജീവന്റെ ഫലങ്ങൾ “എന്നേക്കും” ഉള്ളവയാണ്. ആരോ പറഞ്ഞിട്ടുണ്ട്, “നാം ദൈവത്തിനു നല്കുന്നതാണ് നമുക്ക് സൂക്ഷിക്കുവാൻ കഴിയുന്നത്” ക്രിസ്തു നിന്റെ ജീവിതത്തിലും പ്രവൃത്തിയിലും നാം നിക്ഷേപിക്കയും അതിൽ നിന്നു അവൻ നശിച്ചുപോകാതെ ക്രിസ്തീയ സ്വഭാവ ഫലവും നിത്യജീവനും തരുന്നു.

നാലാമതു, പൗലൊസ് പറയുന്നതു ക്രിസ്തുവിലുള്ള പുതിയ ജീവിതത്തിനു ഒരു പുതിയ ഭാവിയുണ്ട്: “പാപത്തിന്റെ ശമ്പളം മരണമത്രേ ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശു ക്രിസ്തുവിൽ നിത്യജീവൻ ആകുന്നു” (റോമർ 6:23). ക്രിസ്ത്യാനി, തന്റെ സ്വർഗ്ഗത്തിലേക്കുള്ള വഴിയിലാണ്. അവൻ ജീവ പുസ്തകത്തിൽ അവസാന അദ്ധ്യായമായ ബൈബിൾ, വായിക്കുകയും, കർത്താവു

അവസാനം ജയിക്കുമെന്നും അവൻ അറിയുന്നു. അവനു ഈ ലോകത്തിൽ ഇടർച്ചയുണ്ടാകും, ചില സമയങ്ങളിൽ മുറിവേല്ക്കുകയും, വിഷമിക്കുകയും ചെയ്യും, എന്നാൽ അവസാനം വിജയം തന്റേതായിരിക്കും എന്ന് അവനറിയാം!

നല്ല ജീവിതം നയിക്കുവാൻ ആഗ്രഹിക്കുന്ന, ആത്മാർത്ഥ ഹൃദയമുളള ആർക്കും ക്രിസ്തുവിലുളള പുതിയ ജീവിതം ആകർഷണീയമത്രേ. നാം ക്രിസ്ത്യാനികളാകുമ്പോൾ – ആ പുതിയ ജീവിതം നമ്മുടേതാകുന്നു, പാപത്തിൽ നിന്നു മോചനം പ്രാപിക്കുന്നു, അവനോടു കൂട്ടായ്മയുളള, ഫലം പുറപ്പെടുവിക്കുന്നതും സ്വർഗ്ഗത്തിൽ നിത്യഭാവിയുളളതുമായ ജീവിതമാണ്.

പുതിയ ജീവിതം സൂക്ഷിച്ചു നിലനിർത്തുന്നു. ഒരു പുതിയ കാർ നിങ്ങൾക്കു സ്വന്തമാക്കാൻ കഴിയുന്നു എന്നു വിചാരിക്കുക, അതു നിങ്ങൾക്കു ഇഷ്ടം പോലെ ഓടിക്കാം. അതു കുറെക്കാലം ഉപയോഗിക്കണമെങ്കിൽ സൂക്ഷിക്കുവാനുളള ഉത്തരവാദിത്വം നിങ്ങൾക്ക് ഉണ്ട്. നിങ്ങൾ അതു ശ്രദ്ധിച്ചു ഓടിച്ചില്ലെങ്കിൽ, അതിന്റെ എഞ്ചിൻ ശ്രദ്ധിക്കുകയും ടയറുകൾ കാറ്റടിക്കുകയും ആവശ്യമായ ഇന്ധനം ഒഴിക്കുകയും ചെയ്തില്ലെങ്കിൽ ആ കാർ നിങ്ങൾക്ക് അധികം ഉപയോഗിക്കാൻ കഴിയുകയില്ല.

പാപത്തിൽ നിന്നു ലഭിച്ച സ്വാതന്ത്ര്യം ക്രിസ്ത്യാനി സൂക്ഷിക്കണം. അവന്റെ മനസ്സു, ദുഷ്ട ചിന്തകൾ മടങ്ങി വന്നു, അവന്റെ ജീവിതത്തെ സ്വാധീനിക്കാതിരിക്കാൻ സൂക്ഷിക്കണം. ദൈവത്തോടുകൂടെ ഓരോ ദിവസവും നടന്നും, സഹ ക്രിസ്ത്യാനികളോടു കൂട്ടായ്മ ആചരിച്ചും, ബൈബിൾ പഠിച്ചും, പ്രാർത്ഥനയിൽ ദൈവത്തോടുളള കൂട്ടായ്മയും വളർത്തിയെടുക്കണം. തന്നിലും മറ്റുളളവരിലും ക്രിസ്തീയ സ്വഭാവം വളർത്തുകയും, മറ്റുളളവരെ ക്രിസ്തുവിലേക്കു ആനയിക്കുകയും ചെയ്തു അവൻ തുടർച്ചയായി ഫലം പുറപ്പെടുവിച്ചുകൊണ്ടിരിക്കണം. നിത്യജീവന്റെ പ്രത്യാശ അവൻ ഉറപ്പിക്കണം.

**ഉപസംഹാരം**

ഇന്നു തന്നെ നിങ്ങൾക്കു ക്രിസ്തുവിൽ ഒരു പുതിയ വ്യക്തിയാകാം അവന്റെ പുനർനിർമ്മാണ പ്രക്രിയയിൽ നമ്മെ കീഴ്പ്പെടുത്തുവാനായി തന്റെ വചനത്താൽ ദൈവം വിളിക്കുകയും അതു സ്വീകരിച്ചാൽ അവൻ നമുക്കു പുതുജീവൻ നല്കുകയും ചെയ്യും. അവന്റെ പ്രക്രിയയിൽ വേർപാടു, രക്ഷ, അതിൽ തന്നെ ആയിരിക്കുന്നതും ഉൾപ്പെട്ടിരിക്കുന്നു. ഓരോ ഘട്ടവും പ്രധാനപ്പെട്ടതും ആവശ്യവുമാണ്.

ക്രിസ്തുവിലുളള പുതിയ ജീവിതം എങ്ങനെ ആയിരിക്കുമെന്നു ചിന്തിക്കുക! നിങ്ങൾ വീട്ടിൽ നിന്നു കുറെക്കാലത്തേക്കു ദൂരെ പോകുകയും തിരിച്ചു ചെല്ലുമ്പോൾ ആരെങ്കിലും നിങ്ങളുടെ വീടും സകലതും പുതുതാക്കി വെച്ചിരിക്കയും ചെയ്തിരിക്കുന്നു എന്നു വിചാരിക്കുക. നിങ്ങൾ എന്തു ചെയ്യും? ഒരു പക്ഷെ നിങ്ങൾ ഓടി നടന്നു എല്ലാം പരിശോധിച്ചേക്കാം. പുതിയ കസേരകൾ, പുതിയ കിടക്കകൾ,

പുതിയ ടവ്വലുകൾ, പുതിയ വസ്ത്രങ്ങൾ, പുതിയ ചെരുപ്പുകൾ, പുതിയ പാത്രങ്ങൾ, പുതിയ പരവതാനികൾ, മറ്റു പല പുതിയ വസ്തുക്കളും നിങ്ങളുടെ പുതിയതായ എല്ലാ സമ്പാദ്യങ്ങളും നിങ്ങൾ മതി മറക്കുകയില്ലേ? തീർച്ചയായും നിങ്ങൾ സന്തോഷം കൊണ്ട് ആവേശം കൊള്ളും!

അധികവും, ഇതുപോലെയുള്ള ഒരനുഭവം നമുക്കു ഒരിക്കലും ഉണ്ടാവുകയില്ല. നിങ്ങൾ എപ്പോഴെങ്കിലും വീട്ടിൽ ചെല്ലുമ്പോൾ, ആരെങ്കിലും നിങ്ങളുടെ വീട്ടിലെ പഴയ സാധനങ്ങൾക്കു പകരം പുതിയ ഫർണ്ണിച്ചറുകളും വസ്ത്രങ്ങളും പാത്രങ്ങളും വാങ്ങി വെക്കുന്നതു വിരളമായിരിക്കും. അതിനേക്കാൾ വലിയ സമ്പാദ്യങ്ങൾക്കുള്ള ബാധ്യത നമുക്കുണ്ട്. നിങ്ങൾക്കു ഒരു പുതിയ വ്യക്തിയാകാം. ദൈവികമായ പ്രക്രിയയിലാണ് അതു സാധ്യമാക്കുന്നത്.

ദൈവത്തിന്റെ പുതിയ ജീവിതം ലഭിച്ചവരാണ് സഭയിലുള്ള ആളുകൾ അവർ പുതിയ – ജീവിതം ഉള്ള ഭവനമാണ്. അതേ സമയം ദൈവം നിങ്ങളെ പുതിയ സൃഷ്ടിയാക്കുന്നു. അവൻ നിങ്ങളെ അവന്റെ സഭയിൽ ആക്കുന്നു. എന്തുകൊണ്ടു നിങ്ങൾക്കു പുതിയ ജീവിതം ലഭിക്കുന്ന ദൈവത്തിന്റെ പ്രക്രിയയ്ക്കു കീഴ്പ്പെട്ടുകൂടാ?

### ചർച്ചയ്ക്കും പഠനത്തിനും ഉള്ള ചോദ്യങ്ങൾ

1. *നിയോസ്, കായിനോസ്* എന്ന ഗ്രീക്കു വാക്കുകൾ തമ്മിൽ 2 കൊരിന്ത്യർ 5:17 ൽ ഉള്ള വ്യത്യാസം എന്ത്?
2. നാം ക്രിസ്ത്യാനികൾ ആകുന്നതിനുമുൻപു ഏതു വിധത്തിലാണ് മരിക്കുന്നത്?
3. റോമർ 1–8 വരെ ചുരുങ്ങിയ രൂപരേഖ വ്യക്തമാക്കുക.
4. “ആകയാൽ രൂപരേഖ പെരുകേണ്ടതിനു പാപം ചെയ്തുകൊണ്ടിരിക്ക” എന്ന ചോദ്യത്തിൽ പൗലൊസ് അർത്ഥമാക്കിയത് എന്ത്? (റോമർ 6:1).
5. പാപത്തിലുള്ള നമ്മുടെ മരണം മുഴുവനാകുന്നതു എപ്പോൾ, ഏതു സമയത്ത്?
6. പരിവർത്തന പ്രക്രിയയിൽ എങ്ങനെയാണ് പാപത്തിൽ നിന്നു മോചനം പ്രാപിക്കുന്നത്?
7. വേർപാടു പ്രക്രിയ ഒഴിവാക്കിയാൽ പരിവർത്തനത്തിൽ വാസ്തവത്തിൽ എന്താണ് സംഭവിക്കുന്നത്?
8. നമ്മെ ക്രിസ്തുവിലേക്ക് കൊണ്ടു വരുന്നത് എങ്ങനെ?
9. *ബാപ്റ്റിസോ* എന്ന ഗ്രീക്കുവാക്കിന്റെ അർത്ഥം എന്ത്?
10. റോമർ 6:4 ൽ നാം മരണത്തിൽ പങ്കാളികളാകുവാൻ സ്നാനമേല്ക്കുന്നു എന്നു പൗലൊസ് പറഞ്ഞതിന്റെ അർത്ഥം എന്ത്?
11. റോമർ 6:1–4 വരെ പൗലൊസ് പറഞ്ഞതായ സ്നാനത്തിന്റെ നാലു സ്വഭാവങ്ങൾ ഏവ?
12. റോമർ 6:7 അനുസരിച്ചു ഏതു വിധത്തിലുള്ള സ്വാതന്ത്ര്യമാണ് ക്രിസ്തുവിൽ നമുക്കു ലഭിക്കുന്നത്?
13. “ദൈവത്തിൽ ജീവിക്കുക” എന്നു പൗലൊസ് പറഞ്ഞതിന്റെ അർത്ഥം എന്ത്?
14. ക്രിസ്ത്യാനി പുറപ്പെടുവിക്കുന്നതു ഏതു തരം ഫലമാണ്?
15. ക്രിസ്ത്യാനിക്കു എന്തു ഭാവിയാണുള്ളത്? വിവരിക്കുക.

© 2009 Truth for Today